കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യാവസായിക പരിശീലന വകുപ്പ് - ഐ.ടി.ഐ. കളിൽ പഠിക്കുന്ന ജനറൽ വിഭാഗത്തിലെ വരുമാനം കുറഞ്ഞ ട്രെയിനികൾക്ക് നിലവിലെ പ്രതിമാസ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിനും മെറിറ്റ് സ്കോളർഷിപ്പ് മാന്വൽ പ്രകാരം വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (സാധാ) നം. 66/2016/തൊഴിൽ തിരുവനന്തപുരം, തീയതി 22.01.2016

---

പരാമർശം - 1. സ.ഉ. (എം.എസ്) നം.58/1999/തൊഴിൽ, തീയതി 11.05.1999
2. ട്രെയിനിംഗ് ഡയറക്ടറുടെ 16.01.2015, 27.10.2015, എന്നീ തീയതികളിലെ എഫ്3/7440/2013 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

നിലവിലുള്ള വിദ്യാഭ്യാസ ചെലവിലുള്ള വർദ്ധന, യാത്രചെലവ് എന്നിവ പരിഗണിച്ച് ഐ.ടി.ഐ. കളിൽ പഠിക്കുന്ന വരുമാനം കുറഞ്ഞ ജനറൽ വിഭാഗത്തിലെ ട്രെയിനികൾക്ക് നൽകിവരുന്നതും പരാമർശം 1 ലെ ഉത്തരവു പ്രകാരം നൽകിവരുന്നതും പുതുക്കി നൽകിയിട്ട് ഏകദേശം 14 വർഷത്തിലധികവുമായ പ്രതിമാസ സ്റ്റൈപ്പന്റ് ആയ 60 രൂപ ട്രെയിനിംഗ് മാന്വലിലെ പാര 5 (a) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 200/-രൂപ നിരക്കിൽ ഉയർത്തി നൽകുന്നതിനും ട്രെയിനിംഗ് മാന്വലിലെ പാര 5 (c) യിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് സ്കോളർഷിപ്പ് പ്രതിമാസം 125/- രൂപ നിരക്കിൽ നൽകുന്നതിനുമായി ട്രെയിനിംഗ് ഡയറക്ടർ പരാമർശം 2 ലെ കത്തുപ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. കളിൽ പഠിക്കുന്ന ജനറൽ വിഭാഗത്തിലെ വരുമാനം കുറഞ്ഞ ട്രെയിനികൾക്ക് നിലവിലെ പ്രതിമാസ സ്റ്റൈപ്പന്റ് 60 രൂപയിൽ നിന്നും 120/-രൂപയായി വർദ്ധിപ്പിക്കുന്നതിനും, മെറിറ്റ് സ്കോളർഷിപ്പ് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗിന്റെ ട്രെയിനിംഗ് മാന്വൽ പ്രകാരം വിതരണം ചെയ്യുന്നതിനും നിലവിലെ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്ന ശീർഷകത്തിൽ നിന്നു തന്നെ സ്കോളർഷിപ്പ് ഇനത്തിൽ നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത. കെ.എസ്.
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് - (09.12.2015 ലെ 82964/H&L-B1/2015/ധന. പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (പരസ്യപ്പെടുത്തുന്നതിനായി)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.

Endorsement No: F3/7440/13 Dated 1/1/16
Copy to all Department heads for necessary action
[through official website]
For Director of Training